**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1092</u>** **<u>27-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>സോയിൽ കൺസർവേഷൻ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സോയിൽ കൺസർവേഷൻ വകുപ്പ് നാദാപുരം മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടത്താൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കാവിലുംപാറ പഞ്ചായത്തിൽ ആർ. ഐ. ഡി. എഫ് പദ്ധതിയുടെ 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 250 ലക്ഷം രൂപ അടങ്കലുള്ള ഓടേരിപ്പൊയിൽ നീർത്തടപദ്ധതി, ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 25-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 98.94 ലക്ഷം രൂപ അടങ്കലുള്ള ആനക്കുളം നീർത്തടപദ്ധതി, മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി വാണിമേൽ പഞ്ചായത്തിലെ 9,10 വാർഡുകളിൽ നടപ്പിലാക്കുന്ന 67 ലക്ഷം രൂപ അടങ്കലുള്ള പാനോം നീർത്തട പദ്ധതി, റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ (കേരള പുനർ നിർമ്മാണ പദ്ധതി) ഉൾപ്പെടുത്തി 220.77 ലക്ഷം രൂപ അടങ്കലുള്ള കരണ്ടോട് നീർത്തടം പദ്ധതി എന്നീ തുടർ പദ്ധതികൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ നാദാപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മരുതോങ്കര പഞ്ചായത്തിലെ 1,3,4,5,11,12 വാർഡുകളിലായുള്ള മണ്ണൂർ നീർത്തട പദ്ധതി നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 27-ാം ഘട്ടത്തിൽ ഉൾപ്പെടുത്താനാകുമോ എന്ന് പരിശോധിച്ച് വരുന്നു. |
| (ബി) | തൂണേരി ബ്ലോക്കിൽപ്പെട്ട എടച്ചേരി ഗ്രാമ പഞ്ചായത്തിലെ മണ്ണ്-ജല സംരക്ഷണത്തിന് സമർപ്പിക്കപ്പെട്ട പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്രകാരമുള്ള ഒരു പദ്ധതി സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ